# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1749 — 04/12/2015-ൽ മറുപടിയ്ക്ക്

### ഇലക്ട്രിക് പൊതുശ്മശാനത്തിന്റെ നിർമ്മാണ പ്രവർത്തനം

| ചോദ്യം<br>ശ്രീ.ബി.സത്യൻ | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പഴയ കുന്നുമ്മേൽ ഗ്രാമ പഞ്ചായത്തിലെ കാനാറയിൽ കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് നിർമ്മിക്കുവാൻ തീരുമാനിച്ച ഇലക്ട്രിക് പൊതുശ്മശാനത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ)<br>&<br>(ബി) | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. ഇലക്ട്രിക്കൽ വർക്കിനുള്ള ടെൻഡർ അംഗീകരിച്ചു കരാർ വച്ചിട്ടില്ല. കെട്ടിട നിർമ്മാണത്തിന് ഒരു ടെൻഡർ മാത്രമേ ലഭിച്ചിട്ടുള്ളൂ. ആയതിനാൽ ടി വർക്ക് റീടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ശ്മശാനത്തിന്റെ ഇലക്ട്രിക്കൽ വർക്കുകൾ 60 ലക്ഷം രൂപയുടേയും കെട്ടിട നിർമ്മാണത്തിന് 40 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകളാണ് തയ്യാറാക്കിയിരിക്കുന്നത്. |
| (ബി) | എത്ര തുകയുടെ എസ്റ്റിമേറ്റാണ് ഇതിനായി തയ്യാറാക്കിയിട്ടുള്ളതെന്നും നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാകുമെന്നും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണെന്നും വ്യക്തമാക്കുമോ; | | |
| (സി) | ശ്മശാന നിർമ്മാണത്തിന് തടസ്സമെന്തെങ്കിലുമുണ്ടോയെന്ന് വിശദമാക്കുമോ? | (സി) | നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ